# 2008–ലെ കേരളസഭയുടെ മുറിവുകൾ

കേരളസഭ ഏറ്റവും ഏറെ അപമാനിതമായ ഒരു വർഷമാണ് നാം പിന്നിടാൻ പോകുന്നത്. സഭയെ സ്നേഹിക്കുന്നവരുടെ ഉള്ളിലെല്ലാം ദുഃഖമുറഞ്ഞ ഒരു മനസുണ്ട്. നമ്മുടെ ശത്രുക്കളുടെ മുന്നിൽ നാം പരിഹാസപാത്രമാകാൻ ദൈവം ഇടയാക്കിയിരിക്കുന്നു! അപമാനഭാരം കൊണ്ട് കുനിഞ്ഞ ശിരസുമായി നാം നടക്കുമ്പോൾ ദൈവം നമ്മോട് എന്താണ് പറയുന്നത്? ഈ പ്രതിസന്ധിയെ നാം എങ്ങനെ അതിജീവിക്കണം? ഇത്തരത്തിലുള്ള ഒരു അവസ്ഥയിലേക്ക് കേരളസഭ എത്തിപ്പെടാനുള്ള കാരണമെന്താണ്? ഈ ക്രിസ്മസ് നാളുകൾ ആഴമായ ആത്മപരിശോധനയ്ക്കും വ്യക്തമായ തീരുമാനങ്ങൾക്കുമുള്ള സമയമാക്കി മാറ്റിയാൽ സഭയ്ക്ക് നഷ്ടപ്പെട്ട മഹത്വം വീണ്ടെടുക്കാൻ 2009 ൽ നമുക്കു സാധിക്കും.

പ്രശ്നങ്ങൾ മൂടിവയ്ക്കാൻ ശ്രമിക്കുന്നതോ ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ മുന്നോട്ടുപോകാൻ പരിശ്രമിക്കുന്നതോ ആരോഗ്യകരമല്ല. ടെലിവിഷനിലൂടെയും പത്രമാസികകളിലൂടെയും നിരന്തരമായി പുറത്തുവരുന്ന വാർത്തകളും അവയുടെ വ്യാഖ്യാനങ്ങളും നമ്മുടെ ആത്മവീര്യം കെടുത്തിക്കൊണ്ടിരിക്കുകയാണിന്ന്. ഇവയെ നേരിടാൻ ആദ്യമായി നാം ചെയ്യേണ്ടത് യാഥാർത്ഥ്യങ്ങളെ അംഗീകരിക്കലാണ്. ഏതൊരു പ്രശ്നത്തെയും അതിജീവിക്കാനുള്ള ആദ്യപടി ആ പ്രശ്നത്തെ യഥാതഥം അംഗീകരിക്കൽ മാത്രമാണ്. വാർത്തകൾക്ക് വിഷയമായ സംഭവങ്ങളുടെ സത്യസ്ഥിതിയേക്കുറിച്ചല്ല ഞാനിവിടെ വിവക്ഷിക്കുന്നത്. പ്രത്യുത 'വാർത്തകൾ' എന്ന പ്രശ്നത്തെയാണ്. ഈ വാർത്തകൾ സൃഷ്ടിച്ചിരിക്കുന്ന പ്രത്യാഘാതങ്ങൾ നാം ഉദ്ദേശിക്കുന്നതിലും വലുതാണ്. ഒരു പക്ഷേ വിദ്യാ ർത്ഥികളും യുവജനങ്ങളുമായ നമ്മുടെ മക്കൾ ഈ പ്രശ്നങ്ങളെക്കുറിച്ച് നമ്മോട് ഒന്നും പറയില്ലായിരിക്കും. എങ്കിലും അതവരുടെ മനസിൽ ഉണ്ടാകും. സമർപ്പിതജീവിതത്തിന്റെ പവിത്രതയും ആദരണീയതയും അവരുടെ ഉള്ളിൽ നഷ്ടപ്പെടുമ്പോൾ അത് ദൈവവിളികളെയും സഭയുടെ ഭാവിയേയും വളരെ ദോഷമായി ബാധിക്കാനിടയുണ്ട്.

ആത്മീയമായി വളരാത്ത വിശ്വാസികൾക്ക് കൂടുതൽ വിമർശിക്കാനും അധികാര സ്ഥാനങ്ങളെ അനാദരിക്കാനും സമീപകാലത്തെ പ്രശ്നങ്ങൾ കാരണമാകാം. അതോടൊപ്പംതന്നെ അപകർഷതാബോധത്തിലേക്കും ആത്മധൈര്യമില്ലായ്മയിലേക്കും സമർപ്പിതരെ നയിക്കാനും 'മാധ്യമ വാർത്തകൾ' കാരണമാകും. അധ്യാപികയായ ഒരു സിസ്റ്റർ കഴിഞ്ഞ ദിവസം പറഞ്ഞതിങ്ങനെയാണ്: ''കുട്ടികളുടെ മുന്നിൽ നിൽക്കാനും അവരെ ഉപദേശിക്കാനും എനിക്കിപ്പോൾ പേടിയാണ്. അവരൊക്കെ ഞങ്ങളെ ഇപ്പോൾ മോശക്കാരായാണോ കാണുന്നതെന്ന ഭയം ഒതുങ്ങിക്കൂടാൻ പ്രേരിപ്പിക്കുന്നു''. മറ്റു സമുദായക്കാരായ വിദ്യാർത്ഥികൾ കത്തോലിക്കാ സഭയെയും വിശ്വാസത്തെയും പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്യുമ്പോൾ മറുപടി പറയാൻ കഴിയാതെ വിഷമിക്കുന്ന നമ്മുടെ കുട്ടികളുടെ വിഷമങ്ങളും നാം ചിന്താവിഷയമാക്കണം. എന്നാൽ നാം ഭയപ്പെടേണ്ടതോ നിരാശപ്പെടേണ്ടതോ ആയ യാതൊന്നും ഇവിടെയില്ല. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമുക്കീ സാഹചര്യത്തെ അതിജീവിക്കാൻ കഴിയും. നാം ദൈവത്തിലേക്കു നോക്കുവാൻ തയാറായാൽ മാത്രം മതി. ക്രിസ്തുവിന്റെ ക്രൂശുമരണം ഉണ്ടാക്കിയ ശൂന്യതയിലേക്കും മരവിപ്പിലേക്കുമാണ് 'പെന്തക്കു സ്താ' കടന്നു വന്നത്. പരിശുദ്ധാത്മാവിന്റെ ശക്തി പ്രകടമായപ്പോൾ വീണ്ടും ഉണർവും ആവേശവും ശക്തിയും ക്രിസ്തുശിഷ്യരിൽ നിറഞ്ഞു. അപ്പോൾ ലോകം മുഴുവനും സഭയിലേക്ക് ആകർഷിക്കപ്പെട്ട സത്യം നാം തിരിച്ചറിയണം. നാം അനുഭവിക്കുന്ന ശൂന്യതയും നിസഹായതയും ദൈവശക്തിക്കുവേണ്ടി ദാഹിക്കുവാൻ സഹായകമാണ്. ദൈവാത്മാവിന്റെ ശക്തമായ പ്രവർത്തനങ്ങളിലൂടെ മാധ്യമങ്ങളെ നമുക്കു കീഴടക്കാം. എതിരാളികളെ നിശബ്ദമാക്കാം. അതിനാൽ നമ്മുടെ മുറിവുകൾ കൂടുതൽ ആഴമായ പ്രാർത്ഥനയിലേക്ക് നമ്മെ നയിക്കണം. ദൈവത്തെ കൂടുതലായി അന്വേഷിക്കാനും ദൈവശക്തിയിൽ നിറയപ്പെടാനും വ്യക്തികളെയും സമൂഹങ്ങളെയും ഒരുക്കുന്നതിനും നമ്മുടെ അപമാനം കാരണമാകണം. അപ്പോൾ സാത്താൻ പരാജയപ്പെടും, തീർച്ച.

സഭാസമൂഹത്തിനുണ്ടായ മരവിപ്പ് നീക്കുവാനായി കൂടുതൽ ബൈബിൾ കൺവൻഷനുകളും ധ്യാനങ്ങളും സംഘടിപ്പിക്കുന്നത് ഏറെ അനുഗ്രഹകരമായിരിക്കും. പ്രശ്നങ്ങളിൽ നിന്ന് സമൂഹത്തിന്റെ ഫോക്കസ് ദൈവികകാര്യങ്ങളിലേക്ക് തിരിക്കുവാൻ അത് സഹായകരമാണ്. സമീപകാല പ്രശ്നങ്ങൾ ഏറ്റ വും കൂടുതൽ ബാധിക്കാനിടയുള്ളത് വളരുന്ന തലമുറയ്ക്കായതുകൊണ്ട് കുട്ടികൾക്കും യുവജനങ്ങൾക്കുമുള്ള ആത്മീയ ശുശ്രൂഷകൾക്ക് നാം കൂടുതൽ പ്രാധാന്യം കൊടുക്കണം. സഭയിലെ ചില അംഗങ്ങളുടെ ബലഹീനതയിൽ സഭയുടെ നന്മകൾ മൂടപ്പെട്ടുപോകാതിരിക്കുവാൻ വേദപാഠാധ്യാപകർക്ക് ഏറെ സംഭാവനകൾ നൽകാൻ കഴിയും.

‘‘ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടിയുണ്ട്. സംഭ്രമിക്കേണ്ട, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈ കൊണ്ട് ഞാൻ നിങ്ങളെ താങ്ങി നിർത്തും’’ എന്ന് ഏശയ്യാ പ്രവാചകനിലൂടെ അരുളിച്ചെയ്ത കർത്താവ് തീർച്ചയായും നമ്മോടു കൂടെയുണ്ട്. സഭയെ തകർക്കാൻ ശ്രമിക്കുന്ന സാത്താന്യ ശക്തികളെ ആത്മീയശക്തികൊണ്ട് നാം നേരിടണം. എന്റെ ഒരു സുഹൃത്ത് കഴിഞ്ഞ ദിവസം ഇപ്രകാരം പറയുകയുണ്ടായി: ‘‘വർഷങ്ങൾക്കു മുമ്പ് എന്റെ പെങ്ങളെ പിശാച് കീഴടക്കി. ഞാനന്ന് പിശാചിനോടു പറഞ്ഞു-നീ എന്റെ പെങ്ങളെ കൊണ്ടുപോയി. എന്നാൽ പകരം നിന്റെ കൈയിലിരിക്കുന്ന അനേകായിരങ്ങളെ ഞാൻ യേശുവിന്റെ നാമത്തിൽ തട്ടിയെടുക്കും.’’ വിദ്യാർത്ഥികൾക്കിടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആ വ്യക്തി ഇന്നും പിശാചിനോട് പകരം വീട്ടിക്കൊണ്ടിരിക്കുന്നു. അതുപോലൊരു വാശി നമുക്കും വേണം. തളർന്നിരിക്കാതെ നമ്മുടെ സമൂഹത്തിലെ വ്യക്തികളെ കീഴടക്കിയ സാത്താനോട് നാം തിരിച്ചു പോരാടണം. നാം പ്രവർത്തിക്കുന്ന എല്ലാ മേഖലകളിലും യേശുവിനുവേണ്ടി ഒരു പുതു സമർപ്പണം നടത്തി വാശിയോടെ പ്രവർത്തിക്കണം. എന്റെ കർത്താവിന്റെ നാമത്തിനും അവിടുത്തെ സഭയ്ക്കും ഉണ്ടായ കളങ്കം എന്നിലൂടെ നീക്കപ്പെടണം. എന്റെ ശുശ്രൂഷ വഴി ഈ ശോ മഹത്വപ്പെടണം. ഈ ഒരു തീരുമാനം നമ്മളോരോരു ത്തരും എടുത്തു കഴിയുമ്പോൾ സാത്താൻ ഭയന്നോടുക തന്നെ ചെയ്യും.

ഓർമ്മിക്കുക, ‘‘ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്കു നൽകിയിരിക്കുന്നത്. പ്രത്യുത ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മധൈര്യത്തിന്റയും ആത്മാവിനെയാണ്’’ (2തിമോ. 1:7) ( തുടരും)

# ശക്തി ചോർന്നുപോകുന്ന വഴികൾ

കച്ചവടത്തിനായി എത്തിയ വിദേശികൾ രാജ്യത്തിന്റെ ഭരണാധികാരികളായി മാറിയ ചരിത്രമാണ് ഇന്ത്യയുടേത്. ഇന്ത്യയും പാകിസ്ഥാനും ഉൾക്കൊള്ളുന്ന ഈ ഭൂപ്രദേശം 600 നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഇപ്പോഴത്തെ ഒരു ജില്ലയുടെയോ ഒരു പഞ്ചായത്തിന്റെയോ വലിപ്പമില്ലാത്ത രാജ്യങ്ങളും ധാരാളമായിരുന്നു. പരസ്പരം കലഹിച്ചുകഴിഞ്ഞിരുന്ന നാട്ടുരാജ്യങ്ങളെ ബുദ്ധിപരമായ നീക്കങ്ങളിലൂടെയാണ് ബ്രിട്ടീഷുകാർ കീഴടക്കിയത്. തൊട്ടടുത്ത രാജ്യവുമായുള്ള പിണക്കത്തിൽ ഒരു ഭാഗത്തുകൂടി സൈനികമായി സഹായിക്കുകയും അതിലൂടെ ചെറിയ പ്രശ്നങ്ങളെ വലുതാക്കാൻ അവർ മിടുക്കുകാണിക്കുകയും ചെയ്തു. ഇതിന്റെ പാരിതോഷികമായി നിർണ്ണായകമായ പല അധികാരങ്ങളും നേടി എടുത്തു.

കലഹിച്ചു കഴിഞ്ഞിരുന്ന രാജാക്കന്മാർക്ക് അവരുടെ യഥാർത്ഥ ഉദ്ദേശ്യം മനസിലാക്കാനും കഴിഞ്ഞില്ല. അല്ലെങ്കിൽ തന്നെ തൊട്ടടുത്ത രാജ്യത്തോടുള്ള അന്ധമായ ശത്രുത മൂലം മറ്റൊന്നിനെക്കുറിച്ച് ചിന്തിക്കാൻ കഴിയാത്ത രീതിയിൽ പ്രായോഗിക ബുദ്ധിതന്നെ പലർക്കും നഷ്ടമായിരുന്നു. അധികാര കൈമാറ്റത്തോടനുബന്ധിച്ച് അനന്തരാവകാശികൾ തമ്മിൽ തർക്കങ്ങളുണ്ടാകുന്നതും സാധാരണമായിരുന്നു. അതിൽ കക്ഷിചേർന്നും പക്ഷംപിടിച്ചും മാധ്യസ്ഥം വഹിച്ചുമൊക്കെ ബ്രിട്ടീഷുകാർ പല രാജ്യങ്ങളും കൈയടക്കി. ഇംഗ്ലീഷുകാർക്കെതിരെ പോരാടാൻ തുനിഞ്ഞ രാജാക്കന്മാരെ തോല്പിച്ചത് തൊട്ടടുത്ത രാജ്യത്തിന്റെ സഹായത്തോടെയാണെന്നുള്ളത് മറ്റൊരു വൈരുദ്ധ്യമാണ്. അവസാനം രാജ്യത്തിന്റെ ഭരണാധികാരം മുഴുവനായി ബ്രിട്ടീഷുകാർ കൈക്കലാക്കിയപ്പോഴേയ്ക്കും ഭിന്നിച്ചും തമ്മിലടിച്ചും കഴിഞ്ഞിരുന്ന നാട്ടുരാജാക്കന്മാർക്ക് ഒന്നും ചെയ്യാൻ കഴിയാത്തവിധം അവരുടെ ശക്തി ചോർന്നുപോയിരുന്നു.

ഭിന്നിച്ചു നില്ക്കുന്നവരെ പരാജയപ്പെടുത്താൻ എളുപ്പമാണെന്നും അവരുടെ ശക്തി തനിയെ ചോർന്നു പോകുമെന്നുമൊക്കെയാണ് ഈ ചരിത്രസംഭവങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുകയാണെങ്കിൽ കേരളത്തിലെ ക്രിസ്ത്യാനികൾ എല്ലാ മേഖലയിലും മുമ്പിലാണ്. സാമ്പത്തികമായും സ്ഥാപനങ്ങളുടെ കാര്യത്തിലാണെങ്കിലും ഇതു ബാധകമാണ്. എന്നിട്ടും ഒരു സമൂഹമെന്ന നിലയിൽ ഒന്നിച്ചുനില്ക്കാൻ കഴിയാത്തതുകൊണ്ടാണ് പലവിധത്തിലുള്ള കടന്നുകയറ്റങ്ങൾക്ക് ക്രിസ്ത്യാനികൾ വിധേയരാകേണ്ടി വരുന്നത്. അനാവശ്യമായ കൊച്ചു കൊച്ചു തർക്കങ്ങളും വിവാദങ്ങളും അവകാശവാദങ്ങളുമൊക്കെ ക്രൈസ്തവ സമൂഹത്തിന്റെ ശക്തിചോർത്തിക്കളഞ്ഞുകൊണ്ടിരിക്കുകയാണ്. ചെറുതും വലുതുമായ പല പ്രശ്നങ്ങളും ഒരു സമൂഹമെന്ന നിലയിൽ സഭയിൽ ഉണ്ടാകാം. സഭയ്ക്കുള്ളിൽ ചർച്ച ചെയ്തു പരിഹരിക്കേണ്ടവയെ വലിയ വിവാദങ്ങളാക്കി മാറ്റുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടം ആർക്കാണെന്ന കാര്യത്തിലും ഒരു ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു.

ഏതു സമൂഹത്തിലാണെങ്കിലും അഭിപ്രായവ്യത്യാസങ്ങളും സ്വരചേർച്ച ഇല്ലാത്ത അവസരങ്ങളുമൊക്കെ ഉണ്ടാകുന്നത് സാധാരണമാണ്. ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് ചർച്ചചെയ്തു തീരുമാനിക്കേണ്ട പ്രശ്നങ്ങളെ സമൂഹത്തിൽ ചർച്ചയാക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണ് ഉണ്ടാകുന്നത്? വീട്ടിലുണ്ടാകുന്ന പ്രശ്നങ്ങൾ ആരെങ്കിലും നാട്ടിലൂടെ പറഞ്ഞു നടക്കുമോ? ആരോപണങ്ങളും പ്രത്യാരോപണങ്ങളുമായി അനാവശ്യമായ വിവാദങ്ങൾക്കത് വഴിവെയ്ക്കുമെന്നല്ലാതെ അതുകൊണ്ട് സഭയ്ക്ക് പ്രത്യേകിച്ച് ഒരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. ഒരുപാട് കോട്ടങ്ങൾ ഉണ്ടാകുകയും ചെയ്യും. ഏതൊരു പ്രശ്നപരിഹാരത്തിനും ക്രിസ്തീയമായ രീതിയും കാഴ്ചപ്പാടും ഉണ്ടാകേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ കളങ്കപ്പെടുന്നത് സഭയുടെ മുഖഛായയാണ്. ഒരു ഭാഗത്തെ മുറിപ്പെടുത്തിക്കൊണ്ടുള്ള പ്രശ്നപരിഹാരങ്ങൾ ഉദ്ദേശിച്ച രീതിയിൽ ഫലം ചെയ്യണമെന്നില്ല.

സഭാ–റീത്തു വ്യത്യാസങ്ങളൊക്കെ വലിയ മതിലുകളായി ഉയർന്നു വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ അപ്പസ്തോലിക സഭാവിഭാഗങ്ങൾക്കു ആരാധനക്രമങ്ങളുടെ കാര്യത്തിൽ ഓരോ വിഭാഗങ്ങൾക്കും അവരുടേതായ പാരമ്പര്യങ്ങളും പ്രത്യേകതകളുമുണ്ട്. പക്ഷേ പൊതുവായ പല കാര്യങ്ങളിലും യോജിച്ചൊരു നിലപാടെടുക്കാൻ കഴിയുന്നില്ലെന്നു മാത്രമല്ല പലപ്പോഴും വിപരീത നിലപാടുകളാണ് പലർക്കും. ഭിന്നിച്ചു നില്ക്കുന്നതുകൊണ്ട് രാഷ്ട്രീയക്കാർ അടക്കമുള്ളവർ അവരുടെ സ്വാധീനം വർധിപ്പിക്കുന്നതിനായി നടത്തുന്ന കുത്സിതശ്രമങ്ങളിൽ നാം വീണുപോകുകയും ചെയ്യുന്നു. കക്ഷി വഴക്കുകളിലും മറ്റു പ്രശ്നങ്ങളിലുമൊക്കെ പക്ഷം പിടിക്കുന്നവരുടെയും മാധ്യസ്ഥത വഹിക്കാൻ ഓടിക്കൂടുന്നവരുടെയുമൊക്കെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് ബോധവാന്മാരാകണം. പുറത്തുനിന്നുള്ളവരുടെ സഹായത്തോടെ എത്ര പ്രശ്നങ്ങൾ പരിഹരിക്കാൻ

കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചാൽ, പ്രയോജനം അതു പരിഹരിക്കാൻ വന്നവർക്ക് മാത്രമേ ഉണ്ടായിട്ടുള്ളെന്ന് കാണാൻ കഴിയും. തമ്മിലടിക്കുമ്പോൾ രണ്ടുകൂട്ടരുടെയും ശക്തി കുറയുകയും കൂടുതൽ ശത്രുതയിലേക്ക് എത്തുകയുമാണ് ചെയ്യുന്നത്. അതോടൊപ്പം മാധ്യസ്ഥന്മാരായി എത്തുന്നവർക്ക് നിർണ്ണായകമായ സ്വാധീനവും ഉണ്ടാകുകയും ചെയ്യും. രാജ്യങ്ങളുടെ ആഭ്യന്തര പ്രശ്നങ്ങളിൽ ഇടപെട്ട ബ്രിട്ടീഷുകാരുടെ മനോഭാവം തന്നെയാണ് അവരിൽ പലർക്കും. കാരണം പ്രശ്നം പരിഹരിച്ചുകഴിഞ്ഞാൽ അവരുടെ ചൊൽപ്പടിക്കു നില്ക്കില്ലെന്നു മാത്രമല്ല ശക്തികൂടുകയും ചെയ്യുമെന്ന് അറിയുന്നതുകൊണ്ട് ഐക്യമുണ്ടാകുന്നതിന് തടസമാകുന്നത് പലപ്പോഴും മാധ്യസ്ഥരുടെ നിലപാടുകളും താല്പര്യങ്ങളുമാണ്.

പരസ്പരം സ്നേഹിക്കാനും ഉൾക്കൊള്ളാനും കഴിഞ്ഞില്ലെങ്കിൽ നമ്മുടെ പ്രഘോഷണങ്ങളൊക്കെ അർത്ഥമില്ലാതെ പോകും. സ്നേഹിക്കണമെന്നും സഹായിക്കണമെന്നുമൊക്കെ പറയുമ്പോൾ കേൾക്കുന്നവരെ അതു സ്വാധീനിക്കില്ലെന്നു മാത്രമല്ല അവരിൽ പരിഹാസമായിരിക്കും അതുണ്ടാക്കുന്നതും. സമൂഹമെന്ന നിലയിൽ ശക്തി പ്രാപിക്കണമെങ്കിൽ നാം ഒന്നിക്കാൻ തയ്യാറാകണം. ഞാൻ പറയുന്നതു മാത്രമാണ് ശരിയെന്നുള്ള നിലപാടുകൾ നമ്മെ ഒരിടത്തും എത്തിക്കില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. പരസ്പരം പോരടിക്കുമ്പോൾ യഥാർത്ഥത്തിൽ ചോർന്നുപോകുന്നത് സഭയുടെ ശക്തിയാണ്. അതോടൊപ്പം സഭയെക്കുറിച്ച് മോശമായ കാഴ്ചപ്പാട് സമൂഹത്തിന് ഉണ്ടാകാനും അതു കാരണമാകും.

# മടുപ്പ് അനുഭവപ്പെടുന്നുണ്ടോ?

കുറെ നാളുകൾക്ക് മുമ്പ് ശാലോമിന്റെ ഒരു ഏജന്റ് ഓഫീസിലേക്ക് ഫോൺ ചെയ്തു. ആളുകൾ കൃത്യമായി വരിസംഖ്യ തരുന്നില്ലെന്നും അതിനാൽ എല്ലാ വർഷവും കുറെ പണം കൈയിൽ നിന്നെടുത്താണ് ഓഫീസിൽ അടയ്ക്കുന്നതെന്നും വിഷമം പറഞ്ഞു. എന്നിട്ടും ആളുകൾ വിചാരിക്കുന്നത് എനിക്കെന്തോ വലിയ ലാഭമുള്ളതുകൊണ്ടാണ് ഞാനിതൊക്കെ ചെയ്യുന്നതെന്നാണ്. (ആ ഇടവകയിൽ എത്തുന്ന എല്ലാ ആത്മീയപ്രസിദ്ധീകരണങ്ങളുടെയും ഏജന്റായിരുന്നു അദ്ദേഹം). പ്രാർത്ഥനാ ഗ്രൂപ്പിലൊക്കെ സജീവമായി പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് അതിനോടുമുള്ള താല്പര്യം നഷ്ടപ്പെട്ടു തുടങ്ങിയതായി സംസാരത്തിൽ നിന്നും മനസിലായി. ഇങ്ങനെയൊക്കെ ചെയ്തിട്ടും ആളുകൾ നന്നാകുന്ന ലക്ഷണമൊന്നും കാണുന്നില്ല. പിന്നെ എന്തിനാണിങ്ങനെ കഷ്ടപ്പെടുന്നതെന്നായിരുന്നു ആ സഹോദരന്റെ ചോദ്യം.

ഞാൻ അദ്ദേഹത്തോട് പറഞ്ഞു; നിങ്ങൾ 100 മാസിക ഒരു മാസം വിതരണം ചെയ്യുന്നുണ്ടെങ്കിൽ കുറഞ്ഞത് 500 പേരെങ്കിലും അതു വായിക്കുന്നുണ്ട്. തളർന്നിരിക്കുന്ന കുറെയധികം വ്യക്തികൾക്ക് അതിലൂടെ ആശ്വാസവും ലഭിക്കുന്നുണ്ട്. ആത്മീയ പ്രസിദ്ധീകരണങ്ങൾ ദൈവിക ശുശ്രൂഷയുടെ ഭാഗമാണ്. ഞങ്ങൾ ഇവിടെയിരുന്ന് ചെയ്യുന്ന ശുശ്രൂഷയാണ് നിങ്ങളിലൂടെ പൂർത്തിയാക്കപ്പെടുന്നത്. അതുകൊണ്ട് ദൈവത്തിന്റെ മുമ്പിൽ ഒരേ പ്രവൃത്തിയാണ് നമ്മൾ ചെയ്യുന്നത്. മാസിക വിതരണം ചെയ്യുന്ന വ്യക്തി ഒരു ഏജന്റല്ല മറിച്ച് ദൈവിക ശുശ്രൂഷകനാണ്. ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചിരുന്നവർ മാസിക വായിച്ചതുകൊണ്ട് മാത്രം പിന്മാറിയെന്ന് സാക്ഷ്യപ്പെടുത്തിയുള്ള ധാരാളം കത്തുകൾ ലഭിച്ചിട്ടുണ്ട്. രോഗത്തിന്റെ കഠിനവേദനകളിലൂടെ കടന്നുപോയിക്കൊണ്ടിരുന്നപ്പോൾ ദൈവത്തെ പഴിച്ചുകഴിഞ്ഞിരുന്ന നാളുകളിൽ യാദൃച്ഛികമായി മാസിക വായിച്ചതുമൂലം രക്ഷയിലേക്ക് കടന്നുവന്നതായി അനേകർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രസിദ്ധീകരണങ്ങളിലൂടെ അനേകർ രക്ഷയിലേക്ക് കടന്നുവരുന്നുണ്ടെങ്കിൽ തീർച്ചയായും സാത്താൻ ഇതിനെതിരെയും പ്രതിബന്ധങ്ങൾ ഉയർത്തുമെന്നതിന് സംശയമില്ല. അവരെ പിന്തിരിപ്പിക്കാൻ കഴിഞ്ഞാൽ ഇപ്രകാരമുള്ള ശുശ്രൂഷകളുടെ ശക്തി ചോർത്തിക്കളയാൻ കഴിയുമെന്നറിയാവുന്ന സാത്താനാണ് ഇങ്ങനെയുള്ള ചിന്തകളുടെ പിന്നിലെന്നുള്ള ബോധ്യം നല്കിയപ്പോൾ അദ്ദേഹത്തിനത് പുതിയൊരു ഉൾക്കാഴ്ചയായി മാറി. തന്റെ പ്രവർത്തനത്തിന്റെ മൂല്യത്തെക്കുറിച്ച് പുതിയ അവബോധം ലഭിച്ചപ്പോൾ രണ്ടു മാസംകൊണ്ട് നേരത്തെ ഉണ്ടായിരുന്നതിന്റെ ഇരട്ടിയായി കോപ്പികൾ വർധിക്കുകയും ചെയ്തു.

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെ സാത്താൻ ഇപ്രകാരമുള്ള ചിന്തകളിലൂടെ വഴിതെറ്റിച്ചുകൊണ്ടിരിക്കുകയാണ്. ഇടവകയ്ക്ക് വേണ്ടി ആത്മാർത്ഥമായി അദ്ധ്വാനിച്ചിട്ടും ഇടവകക്കാർ അതു മനസിലാക്കാതെ വരുമ്പോൾ, എന്തിനു വേണ്ടി, ആർക്കുവേണ്ടി എന്ന ചിന്തയും നിരാശയും വികാരിയച്ചനുണ്ടാകാം. തന്റെ കഷ്ടപ്പാടും ആത്മാർത്ഥതയും അധികാരികൾ മനസിലാക്കുന്നില്ല എന്ന ചിന്ത ഒരുദ്യോഗസ്ഥന്റെ മനസിൽ മടുപ്പുണ്ടാക്കും. എന്തിനാ ഞാനിങ്ങനെ വെറുതെ കഷ്ടപ്പെടുന്നതെന്ന് മനസിലാക്കപ്പെടാത്തതിന്റെ വേദന അനുഭവിക്കുന്ന കുടുംബനാഥന് തോന്നാം. പ്രാർത്ഥനാ ഗ്രൂപ്പുകൾക്ക് നേതൃത്വം നല്കുന്നവർ എന്തിനുവേണ്ടിയാണ് എന്റെ സമയം പാഴാക്കുന്നത് എന്നു ചിന്തിക്കാൻ തുടങ്ങിയാൽ സ്വഭാവികമായും കുറച്ചു കഴിയുമ്പോൾ മടുപ്പ് അനുഭവപ്പെട്ടു തുടങ്ങുകയും ക്രമേണ ആ പ്രവർത്തനങ്ങളിൽ നിന്ന് പിൻവാങ്ങുകയും ചെയ്യും. തീക്ഷ്ണമായി മധ്യസ്ഥ പ്രാർത്ഥന നടത്തുന്നവരുണ്ട്. ഞാനിതൊക്കെ ചെയ്തിട്ട് ആര് നന്നാകാനാണ് എന്നൊക്കെ മനസിൽ വിചാരിക്കാൻ തുടങ്ങിയാൽ അതിൽ അധികം ദൂരം പോകാനാവില്ല. ഇതു പല പ്രാവശ്യം ആവർത്തിക്കുമ്പോൾ നമുക്കും തോന്നും ഇതു ശരിയാണല്ലോ എന്ന്. പല ആത്മീയ ശുശ്രൂഷകളുടെയും തകർച്ചകൾക്ക് പിന്നിൽ ഇതുപോലുള്ള ചിന്തകൾ ഉണ്ട്. നമ്മുടെ പ്രവർത്തനമേഖലകളിൽ നിന്ന് പിന്തിരിയുവാൻ ലോകം മനസിൽ മന്ത്രിക്കുന്ന അനേകം കാരണങ്ങൾ കണ്ടെത്തുവാൻ നമുക്ക് കഴിയും. ദൈവിക ശുശ്രൂഷകളിൽ ആത്മാർത്ഥമായി വ്യാപൃതരാകുമ്പോഴും കണ്ണീരിന്റെ അനുഭവങ്ങളിലൂടെ കടന്നുപോകുന്നവരുണ്ട്. രോഗങ്ങളും സാമ്പത്തിക പ്രതിസന്ധികളുമൊക്കെ വല്ലാതെ വലയ്ക്കുന്നുണ്ടാകാം. ഇതൊക്കെ കണ്ടിട്ട് സമൂഹവും വേണ്ടപ്പെട്ടവരുമൊക്കെ പ്രവർത്തനങ്ങളെ തള്ളിപ്പറയുന്ന അവസ്ഥയായിരിക്കും ഇപ്പോഴുമുള്ളത്. പക്ഷേ ആരൊക്കെ വിമർശിച്ചാലും അവഹേളിച്ചാലും ദൈവം ഒരിക്കലും നമ്മുടെ പ്രവർത്തനങ്ങൾ കണ്ടില്ലെന്നു നടിക്കില്ല. അവിടുത്തെ സമയത്തിനുവേണ്ടി കാത്തിരിക്കാനുള്ള മനസാണ് നമ്മിൽ രൂപപ്പെടേണ്ടത്. കുരിശുയാത്രയിൽ ക്രിസ്തുവിന് താങ്ങായി മാറിയ ശിമയോന്റെ പേര് നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും ഉയർന്നുനില്ക്കുകയാണ്. രക്ഷയിലേക്ക് ഒരാളെ നയിക്കാൻ നമ്മുടെ പ്രവർത്തനങ്ങൾ കാരണമാകുന്നുണ്ടെങ്കിൽ ജീവന്റെ പുസ്തകത്തിൽ തീർച്ചയായും അതു രേഖപ്പെടുത്തുക തന്നെ ചെയ്യും.

ദൈവരാജ്യത്തിനുവേണ്ടി ആത്മാർത്ഥയോടെ ചെയ്യുന്ന ചെറിയ കാര്യങ്ങളെ വരെ മാനിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് ബൈബിളിൽ കാണുന്നത്. ഇസ്രായേൽക്കാരും അമലേക്യരുമായി ഉണ്ടായ യുദ്ധത്തിൽ ജോഷ്വാ സൈന്യത്തിന് നേതൃത്വം നല്കിയപ്പോൾ മോശ മലമുകളിൽ കരങ്ങളുയർത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മോശയുടെ കൈ കുഴഞ്ഞ് കരങ്ങൾ താഴാൻ തുടങ്ങിയപ്പോൾ കൂടെ ഉണ്ടായിരുന്ന അഹറോനും ഹൂറും രണ്ടു വശത്തുനിന്നും കരങ്ങൾ ഉയർത്തിപ്പിടിച്ചു (മോശയുടെ കരങ്ങൾ താഴാൻ തുടങ്ങിയപ്പോൾ ഇസ്രായേൽക്കാർ പരാജയപ്പെട്ടു തുടങ്ങിയിരുന്നു). ലോകദൃഷ്ടിയിൽ വലിയ കാര്യങ്ങളൊന്നുമല്ല അവർ ചെയ്തത്. പക്ഷേ ദൈവം ആ പ്രവൃത്തിക്ക് വലിയ പ്രതിഫലമാണ് നല്കിയത്. ഹൂറിന്റെ വരുംതലമുറകൾ അനുഗ്രഹിക്കപ്പെടാൻ ആ പ്രവൃത്തി ഇടയാക്കിയത് പുറപ്പാടിന്റെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ഹൂറിന്റെ പൗത്രനായ ബസാലേലിന് ദൈവിക ചൈതന്യം നല്കി അതിലൂടെ സാമർത്ഥ്യവും ബുദ്ധിയും വിജ്ഞാനവും നിറച്ച് ഉത്തമ ശില്പിയായി ദൈവം അവനെ അനുഗ്രഹിച്ചുയർത്തി.

ദർശനം നഷ്ടപ്പെട്ടുപോകുന്നതാണ് പല വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും തകർച്ചയുടെ ഒരു കാരണം. പല വിധത്തിൽ ദൈവിക ശുശ്രൂഷയിൽ ഏർപ്പെടുന്നവർ നമ്മുടെ ചുറ്റുപാടുമുണ്ട്. ഓരോ ആഴ്ചയിലും വിവിധ ധ്യാനകേന്ദ്രങ്ങളിലേക്ക് ആളുകളെ വർഷങ്ങളായി എത്തിക്കുന്നവരുണ്ട്. കൈയിൽ നിന്നും പണം ചിലവാക്കിയും മറ്റുള്ളവരുടെ മുമ്പിൽ കൈ നീട്ടിയുമൊക്കെയാണ് പലരും ഈ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നത്. ഇതിന്റെ പേരിൽ അവരെ ധ്യാനകേന്ദ്രങ്ങളുടെ ഏജന്റുമാരുമായി കാണുന്നവരുമുണ്ട്. ഇങ്ങനെയുള്ള ആരോപണങ്ങളുടെ മുമ്പിൽ തളർന്ന് അവരുടെ പ്രവർത്തനങ്ങൾ നിർത്തിയാൽ യഥാർത്ഥത്തിൽ അവിടെ വിജയിക്കുന്നത് സാത്താനായിരിക്കും. കേരളത്തിൽ ഓരോ ആഴ്ചകളിലും പതിനായിരങ്ങൾ ധ്യാനങ്ങളിൽ സംബന്ധിക്കുന്നുണ്ടെങ്കിലും ഇവിടെ അക്രമവും അനീതിയും വർധിക്കുകയാണല്ലോ എന്നു വിചാരിച്ച് ധ്യാനകേന്ദ്രങ്ങൾ തന്നെ അടച്ചുപൂട്ടാൻ തുടങ്ങിയാൽ നാടിന്റെ അവസ്ഥ എന്തായിരിക്കും.? ലോകത്തിൽ നന്മ അവശേഷിക്കുന്നതിന്റെ കാരണങ്ങൾ ഇതൊക്കെയാണെന്നു ചിന്തിക്കാൻ കഴിഞ്ഞാൽ അതു നല്കുന്നത് പുതിയ ഉണർവായിരിക്കും.

# ദൈവം വരുന്ന വഴികൾ

മാർട്ടിൻ ഒരു ചെരുപ്പുകുത്തിയായിരുന്നു. ഭാര്യയുടെ മരണശേഷം മകനുവേണ്ടിയായിരുന്നു അയാളുടെ ജീവിതം. പക്ഷേ ഒമ്പതാമത്തെ വയസിൽ കുഞ്ഞും മരിച്ചു. അതോടെ അയാൾക്കാകെ നിരാശയായി. ദൈവത്തിലുള്ള വിശ്വാസം തന്നെ നഷ്ടപ്പെട്ടു. ഒരു ദിവസം ജ്ഞാനിയായ ഒരു വൃദ്ധൻ മാർട്ടിനെ സന്ദർശിച്ചു. തന്റെ ദു:ഖം മാർട്ടിൻ വൃദ്ധനുമായി പങ്കുവച്ചു. വൃദ്ധൻ പറഞ്ഞു; നിങ്ങൾ ഇതുവരെ നിങ്ങളുടെ സന്തോഷത്തിനുവേണ്ടി മാത്രമാണ് ജീവിച്ചത്. അതാണ് ദു:ഖത്തിനു കാരണം. നിങ്ങൾ ദൈവത്തിനുവേണ്ടി ജീവിക്കണം. അതെങ്ങനെയാണെന്നു മാർട്ടിനറിയില്ലായിരുന്നു. ഒരു ബൈബിൾ വാങ്ങി വായിക്കാൻ വൃദ്ധൻ മാർട്ടിനെ ഉപദേശിച്ചു. വഴി അതിലൂടെ തെളിഞ്ഞു കിട്ടുമെന്നും പറഞ്ഞു. ബൈബിൾ വാങ്ങി ആദ്യമൊക്കെ വല്ലപ്പോഴുമൊക്കെയേ വായിച്ചിരുന്നുള്ളൂ. എന്നാൽ കുറെ ദിവസം കഴിഞ്ഞപ്പോഴേക്കും അതൊരു ആവേശമായി മാറി. എല്ലാ ദിവസവും സ്ഥിരമായി ബൈബിൾ വായിച്ചു തുടങ്ങി. അതോടെ മാർട്ടിനുണ്ടായിരുന്ന മദ്യപാനശീലവും നിർത്തി. ഒരു ദിവസം ബൈബിൾ വായിച്ചതിനു ശേഷം പതുക്കെ ഉറക്കത്തിലായി. ''മാർട്ടിൻ, മാർട്ടിൻ '' ആരോ വിളിക്കുന്ന ശബ്ദമയാൾ കേട്ടു. ''ആരാണ്'' മാർട്ടിൻ വിളിച്ചു ചോദിച്ചു. മറുപടിയൊന്നും കിട്ടിയില്ല. അല്പസമയത്തിനു ശേഷം വീണ്ടും ആ ശബ്ദം കേട്ടു. ''മാർട്ടിൻ നാളെ തെരുവിലേക്ക് നോക്കുക, ഞാൻ വരും.'' അതു ക്രിസ്തുവിന്റെ ശബ്ദമായിട്ടു മാർട്ടിനു തോന്നി.

പിറ്റേദിവസം മാർട്ടിൻ പതിവുപോലെ തന്റെ ജോലിയിൽ മുഴുകി. എങ്കിലും ഇടയ്ക്കിടെ മുഖമുയർത്തി തെരുവിലേക്കു നോക്കികൊണ്ടിരുന്നു. കുറെക്കഴിഞ്ഞപ്പോൾ വൃദ്ധനായ സ്റ്റെപാനിച്ച് ജനലിന്റെ സൈഡിൽ നിന്ന് റോഡിൽ വീണുകിടന്ന മഞ്ഞുമാറ്റുന്നതു കണ്ടു. മഞ്ഞിൽ തണുത്തു വിറച്ചു നിന്നിരുന്ന സ്റ്റെപാനിച്ചിനെ മാർട്ടിൻ അകത്തേക്കു ക്ഷണിച്ചു. തീ കാഞ്ഞുകൊണ്ടിരുന്നപ്പോൾ തന്നെ ചൂടുള്ള ചായയും നല്കി. ''ഞാൻ തണുത്ത് മരിച്ചുപോകുമായിരുന്നു ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ''യെന്നു പറഞ്ഞുകൊണ്ട് സ്റ്റെപാനിച്ച് പോയി. വീണ്ടും മാർട്ടിൻ തന്റെ ജോലിയിൽ വ്യാപൃതനായി. കുറെക്കഴിഞ്ഞു നോക്കിയപ്പോൾ ഒരു സ്ത്രീ കൈയിലൊരു കുഞ്ഞുമായി മുറിയുടെ പുറത്ത് നില്ക്കുന്നതു കണ്ടു. കുഞ്ഞ് കരഞ്ഞുകൊണ്ടിരുന്നു. ഒറ്റനോട്ടത്തിൽ തന്നെ മനസിലാകുമായിരുന്നു അവൾ വളരെ ദരിദ്രയാണെന്ന്. മാർട്ടിൻ പുറത്തേക്കിറങ്ങിച്ചെന്ന് അവരെ മുറിയിലേക്ക് ക്ഷണിച്ചു. കരയുന്ന കുഞ്ഞിനു കൊടുക്കാൻ പാലില്ലായിരുന്നു. കാരണം അവൾ ഒന്നും കഴിച്ചിരുന്നില്ല. മാർട്ടിൻ ആ സ്ത്രീക്ക് കുറച്ചു സൂപ്പുകൊടുത്തു. അവൾക്കുണ്ടായിരുന്ന ഒരു കമ്പിളി ഷാൾ തലേ ദിവസം പണയം വച്ചിരുന്നു. കുഞ്ഞിനെ പുതപ്പിക്കുന്നതിന് ഒരു കോട്ടും പണയം എടുക്കുന്നതിന് പണവും നല്കിയാണ് മാർട്ടിൻ അവരെ യാത്രയാക്കിയത്. ആ സ്ത്രീ പറഞ്ഞു; ''നിങ്ങളെ കണ്ടില്ലായിരുന്നെങ്കിൽ എന്റെ കുഞ്ഞ് തണുപ്പിൽ മരിച്ചുപോകുമായിരുന്നു. ക്രിസ്തുവാണ് നിങ്ങളെ ഞങ്ങളുടെ അടുത്തേക്ക് അയച്ചത്''.

വീണ്ടും അയാൾ തന്റെ ജോലി തുടർന്നു. കുറെക്കഴിഞ്ഞപ്പോൾ കൈയിലൊരു കുട്ട ആപ്പിളും തോളത്ത് ചാക്കിൽ വിറകുപൂളുമായി ഒരു വൃദ്ധ റോഡിലൂടെ നടന്നു പോയി. ഒരാൺ കുട്ടി ഒരാപ്പിൾ തട്ടിപ്പറിച്ചുകൊണ്ട് ഓടാൻ ശ്രമിച്ചു. പക്ഷേ വൃദ്ധ അവന്റെ കൈയിൽ കയറി പിടിച്ചു. ഇവനെ പോലിസിലേല്പ്പിക്കുമെന്ന് പുലമ്പികൊണ്ടിരുന്നു. മാർട്ടിൻ ഇറങ്ങിച്ചെന്നു. ദൈവത്തെ ഓർത്ത് അവനോട് ക്ഷമിക്കാൻ പറഞ്ഞു. എടുത്ത ആപ്പിളിന്റെ പണം കൊടുക്കാമെന്നും പറഞ്ഞു. ഇതിനിടയിൽ കുട്ടി വൃദ്ധയോട് ക്ഷമ പറയുകയും ചെയ്തു. അവർ പോകാൻ തുടങ്ങിയപ്പോൾ ചാക്കുകെട്ട് ഞാനെടുക്കാമെന്നു പറഞ്ഞുകൊണ്ട് അവൻ അതെടുത്തുകൊണ്ട് നടന്നു നീങ്ങി. സമയം സന്ധ്യയായി. ഇനി യേശു വരില്ലായെന്നു മാർട്ടിനു തോന്നി. അയാൾ ബൈബിൾ കൈയിലെടുത്തു. പെട്ടെന്ന് മുറിയുടെ സൈഡിൽ കാലൊച്ച കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ മാർട്ടിൻ അന്നു സഹായിച്ച മൂന്നു പേരും സന്തോഷത്തോടെ നടന്നു നീങ്ങുന്നു. മാർട്ടിൻ ബൈബിൾ തുറന്നു വായിച്ചു. ''എനിക്കു വിശന്നപ്പോൾ നിങ്ങളെനിക്ക് ഭക്ഷണം തന്നു..... ഈ ചെറിയവനിൽ ഒരുവന് നിങ്ങളിത് ചെയ്തപ്പോൾ എനിക്കു തന്നെയാണത് ചെയ്തു തന്നത്.'' തലേ ദിവസത്തെ അശരീരിയുടെ അർത്ഥം അപ്പോഴാണ് മാർട്ടിനു മനസിലായത്. ടോൾസ്റ്റോയിയുടെ പ്രശസ്തമായൊരു കഥയാണിത്.

എങ്ങനെ ദൈവത്തെ പ്രീതിപ്പെടുത്തി അനുഗ്രഹങ്ങൾ സ്വന്തമാക്കാമെന്നു ചിന്തിച്ച് മനുഷ്യർ പരക്കം പാഞ്ഞുകൊണ്ടിരിക്കുന്ന കാലമാണിത്. ഈ ധൃതിക്കിടയിൽ ദൈവം എന്നിൽ നിന്നും എന്താണാഗ്രഹിക്കുന്നതെന്ന് അറിയാൻ കഴിയാതെ പോകുന്നു. എല്ലാ അനുഗ്രഹങ്ങളുടെയും ആത്യന്തിക ലക്ഷ്യം സ്വർഗം സ്വന്തമാക്കുകയാണ്. അതിനുവേണ്ടി ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരിക്കാനാണ് ക്രിസ്തു പറയുന്നത്. സ്വർഗത്തിന് അവകാശികളായവരെപ്പറ്റി

സുവിശേഷത്തിൽ അങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. '' എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്റെയടുത്തു വന്നു''(മത്തായി.25:34-36). യഥാർത്ഥത്തിൽ അനുഗ്രഹങ്ങൾ സ്വന്തമാക്കുന്നവർ ഒരുപാടു വലിയ കാര്യങ്ങൾ ചെയ്യുന്നവരല്ല. എന്റെ നാമത്തിൽ ഒരു ഗ്ലാസ് വെള്ളം കൊടുത്താൽപോലും അതിനു പ്രതിഫലം ലഭിക്കുമെന്ന് ക്രിസ്തു പറയുന്നുണ്ട്. ക്രിസ്തുവിനു കൊടുക്കുന്ന മനോഭാവത്തോടെ നല്കുമ്പോഴാണ് അനുഗ്രഹിക്കപ്പെടുന്നത്. മുമ്പിലെത്തുന്ന ആരിലും ക്രിസ്തുവിനെ ദർശിക്കാൻ കഴിയുമ്പോഴാണ് നാം ദൈവത്തിന്റെ മനസിലേക്ക് വളരുന്നത്.

ആ ദർശനം ലഭിച്ച കുറെയധികം വ്യക്തികൾ ഉള്ളതുകൊണ്ടാണ് കേരളത്തിൽ നിരവധിയായ ജീവകാരുണ്യ സ്ഥാപനങ്ങൾ ഉയർന്നു നില്ക്കുന്നത്. പക്ഷേ എല്ലാവർക്കും മാനസിക രോഗികളെ സംരക്ഷിക്കാനോ ബുദ്ധിമാന്ദ്യം ഉള്ളവരെ പരിചരിക്കാനോ കഴിയില്ലല്ലോ. ദൈവം ആഗ്രഹിക്കുന്നതും അതല്ല. ആയിരിക്കുന്ന ജീവിതസാഹചര്യങ്ങളിൽ ക്രിസ്തുവിനെ ദർശിക്കാൻ കഴിയുമ്പോഴാണ്

ദൈവത്തിന്റെ പദ്ധതികൾക്കനുസരിച്ച് പ്രത്യുത്തരിക്കുന്നവരായി നാം മാറുന്നത്. ദൈവിക ദർശനം ഏതു ജീവിത സാഹചര്യത്തിലുള്ളവർക്കും സാധിക്കുമെന്നാണ് ഈ കഥയിൽ തെളിയുന്നത്. അധ്യാപകൻ എന്ന നിലയിൽ മുമ്പിലെത്തുന്ന കുഞ്ഞുങ്ങളെ ഉണ്ണീശോമാരായി കാണാൻ കഴിഞ്ഞാൽ അല്ലെങ്കിൽ താൻ പഠിപ്പിക്കുന്നത് ക്രിസ്തുവിനെ ആണെങ്കിൽ, ആ മനോഭാവത്തോടെ തന്റെ ജോലിയെ കാണാൻ കഴിഞ്ഞാൽ തീർച്ചയായും ദൈവത്തിന്റെ പദ്ധതികൾക്കനുസരിച്ച് പ്രത്യുത്തരിക്കുന്നവരായി നാം മാറിക്കഴിഞ്ഞു. ഒരു ഗവൺമെന്റുദ്യോഗസ്ഥൻ എന്ന നിലയിൽ മുമ്പിലെത്തുന്ന നിരക്ഷരനായ വ്യക്തിയിലും ക്രിസ്തുവിനെ ദർശിക്കാൻ കഴിയുന്നുണ്ടെങ്കിൽ ദൈവത്തിന്റെ മനസിലേക്ക് നാം വളർന്നുകഴിഞ്ഞു. തൊട്ടടുത്ത വീട്ടിലുണ്ടാകുന്ന കഷ്ടപ്പാടിൽ സഹായിക്കേണ്ടത് എന്റെ കടമയും ഉത്തരവാദിത്വവുമാണെന്നു ചിന്തിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് ക്രിസ്തുവിനെ കാണാൻ കഴിയുന്ന തരത്തിലേക്ക് നാമും വളരുന്നത്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹ ഓർമ്മിപ്പിക്കുന്നത്; ''നിങ്ങൾ നിർദ്ദോഷരും നിഷ്കളങ്കരുമായിത്തീർന്ന്, വഴിപിഴച്ചതും വക്രതയുള്ളതുമായ തലമുറയുടെയിടയിൽ കുറ്റമറ്റ ദൈവമക്കളാവട്ടെ; അവരുടെ മധ്യേ ലോകത്തിൽ നിങ്ങൾ വെളിച്ചമായി പ്രകാശിക്കുകയും ചെയ്യട്ടെ'' (ഫിലി.2:15).

## ദൈവഭയമില്ലാത്ത അപ്പനെ മക്കൾ കുറ്റപ്പെടുത്തും

:: ഫാ. ജോസഫ് വയലിൽ ::

മക്കളുടെ കുത്തുവാക്കുകൾ കേൾക്കാൻ അവസരം ഉണ്ടാകാതെ പോയ മാതാപിതാക്കൾ കുറവായിരിക്കും എന്നുറപ്പ്. മാതാപിതാക്കളിൽത്തന്നെ കൂടുതൽ കുറ്റപ്പെടുത്തലുകൾ കേൾക്കേണ്ടി വരുന്നത് അപ്പനായിരിക്കും. മക്കൾ പറയുന്ന എല്ലാ കുറ്റവും മാതാപിതാക്കൾ ചെയ്തിട്ടുള്ളവയല്ല. അഥവാ, മക്കൾ പറയുന്ന എല്ലാ കാര്യങ്ങളും ചെയ്യുവാൻ ഒരു മാതാപിതാക്കൾക്കും സാധിക്കണമെന്നില്ല. നിങ്ങൾ എന്തിനാണ് എന്നെ ജനിപ്പിക്കുന്നത് എന്ന് ഒരു മകനോ മകളോ കുറ്റപ്പെടുത്തിക്കൊണ്ട് ചോദിച്ചാൽ എന്താ പറയുക? പക്ഷേ, ഈ ചോദ്യം കേട്ട് അപമാനം തോന്നിയ മാതാപിതാക്കളും നമ്മുടെ ഇടയിലുണ്ട്. സാമ്പത്തിക ഞെരുക്കം അനുഭവിച്ചിരുന്ന ഒരു അപ്പന് സമയത്ത് മകളുടെ വിവാഹം നടത്തിക്കൊടുക്കുവാൻ കഴിഞ്ഞില്ല. ഈ മകളാകട്ടെ വേഗം വിവാഹിതയാകുവാൻ അതീവ തൽപ്പരയും ആയിരുന്നു. ഒരിക്കൽ മകൾ അപ്പനോട് പറഞ്ഞു: കാശില്ലാണ്ട് എന്നെ ജനിപ്പിച്ചപ്പം ഓർക്കണമായിരുന്നു. അല്ലെങ്കിൽ ജനിപ്പിച്ചപ്പോൾ തുടങ്ങി കാശ് ഉണ്ടാക്കണമായിരുന്നു. ഇപ്പോൾ, ഞാനൊന്നും അറിഞ്ഞില്ല എന്ന മട്ടിൽ തേരാപാര നടന്നാൽ പോരാ...!

നാട്ടിൻപ്പുറത്തുകാരൻ അപ്പൻ വലിയ സാമ്പത്തികഞെരുക്കം അനുഭവിച്ചുതന്നെ മക്കളെ പഠിപ്പിച്ചു. തരക്കേടില്ലാത്ത സാമ്പത്തിക നിലയുള്ള വീടുകളിലേക്ക് പെൺമക്കളെ കല്യാണം കഴിപ്പിച്ച് അയച്ചു. അതിൽ ഒരു മകൾ തന്റെ കുട്ടികളെ ഇംഗ്ലീഷ്മീഡിയത്തിലാണ് പഠിപ്പിക്കുന്നത്. ആ മകൾ ഒരിക്കൽ അപ്പനോട് പറഞ്ഞു: ഞങ്ങളെ ഇംഗ്ലീഷ് മീഡിയത്തിൽ പഠിപ്പിക്കാനുള്ള ബോധം അപ്പന് ഉണ്ടായില്ലല്ലോ. ഞാനൊക്കെയിന്ന് തൊലി ഉരിഞ്ഞാണ് ജീവിക്കുന്നത്.

കാര്യമായ വിദ്യാഭ്യാസവും സാമ്പത്തികസ്ഥിതിയും ഇല്ലാത്ത അനേകം മാതാപിതാക്കളുടെ മക്കൾ ഇന്ന് സമ്പന്ന രാജ്യങ്ങളിൽ സുഖമായി കഴിയുന്നുണ്ട്. പഠിച്ച് രക്ഷപെട്ട് പോയവർ ആണ്. എയർകണ്ടീഷൻ വീടും എയർകണ്ടീഷൻ കാറും നല്ല സാമ്പത്തിക സ്ഥിതിയും വിമാനയാത്ര യും മറ്റു രാജ്യങ്ങളിലേക്കും മറ്റും വിനോദയാത്രയുമൊക്കെ അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. അവരിൽ കുറേപേർക്കെങ്കിലും നാട്ടിൽ ഉള്ള, പ്രായമായ, വിദ്യാഭ്യാസവും ഇംഗ്ലീഷ് പഠനവും ഇല്ലാത്ത, നാടൻ അപ്പന്മാരെയും അമ്മമാരെയും ഇന്ന് ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. ചുരുക്കി പ്പറഞ്ഞാൽ, അനേകം മക്കൾ മാതാപിതാക്കളെ കുറ്റപ്പെടുത്തുന്നത് അടിസ്ഥാനമില്ലാതെയാണ്.

എന്നാൽ, മക്കൾ കുറ്റപ്പെടുത്തുവാൻ മാത്രം കാരണങ്ങൾ ഉണ്ടാക്കുന്ന മാതാപിതാക്കളും ഉണ്ട്. അക്കൂട്ടത്തിൽ പ്രധാനം അപ്പന്മാരായിരിക്കും. ഒരു വീട്ടിൽ എല്ലാ മക്കളും പെൺകുട്ടികളാണ്. ഇത്രയും മക്കളെ ആഗ്രഹിച്ചിരുന്നില്ല എന്നാണ് അപ്പന്റെ നിലപാട്. ഒരു മകനെ ലഭിക്കണമെന്ന നിയോഗത്തോടെ ഓരോ കുഞ്ഞിന് ജന്മം നൽകി. ജനിച്ചപ്പോൾ അവർ ഓരോരുത്തരും പെൺ കുഞ്ഞുങ്ങൾ ആയിരുന്നു. ആൺകുഞ്ഞിനെ ആഗ്രഹിച്ചപ്പോൾ ജനിച്ച പെൺമക്കളെ അപ്പന് കണ്ടുകൂടാ. അവരുടെ കാര്യത്തിൽ ഒരു ശ്രദ്ധയുമില്ല. അവരുടെ പഠനം, വിവാഹം ഒന്നിനും അപ്പന് താൽപര്യമില്ല. ആ പെൺമക്കളെ അപ്പൻ സ്നേഹിക്കുന്നില്ല. ദേഷ്യം വരുമ്പോഴൊക്കെ കുറ്റപ്പെടുത്തും. നീയൊക്കെയാ എന്റെ ഉറക്കം കെടുത്തുന്നത്, നീയൊക്കെ ജനിച്ചതുകൊണ്ടാണ് ഞാനിന്ന് കഷ്ടപ്പെടുന്നത് എന്നൊക്കെയാണ് അപ്പൻ പെൺമക്കളോട് പറയുന്നത്. ഇന്ന് ഈ പെൺമക്കൾ അപ്പനെ കുറ്റപ്പെടുത്തുന്നു.

മറ്റൊരപ്പന്റെ കഥ. മദ്യപാനം, ചീട്ടുകളി, നാട്ടിൽ ഇടയ്ക്കിടെ അടിപിടി, വീട്ടിൽ എന്നും അടിപിടി– ഇതാണ് ഈ അപ്പന്റെ ജീവിതരീതി. ആരെയും സ്നേഹിക്കാറില്ല. ജീവിതത്തിൽ ദൈവമില്ല, പ്രാർത്ഥനയില്ല. മക്കൾക്ക് കാണിച്ചുകൊടുത്ത സന്മാതൃകകൾ ഒന്നുമില്ല. എന്തുണ്ടായി? മക്കൾ മനസ്സമാധാനം അനുഭവിച്ചിട്ടില്ല. പഠിക്കാൻ കഴിഞ്ഞില്ല അവർക്ക്. ചിലരുടെ വിവാഹം നടന്നു വെങ്കിലും അത് അവർക്ക് ഗുണകരമായില്ല. മറ്റു ചില മക്കൾ കല്യാണംപോലും നടക്കാതെ ജീവി ക്കുന്നു. എല്ലാ മക്കളും കൂടി ഇന്ന് അപ്പനെ കുറ്റപ്പെടുത്തുകയാണ്. അപ്പന്റെ പ്രവൃത്തിദോഷം കൊണ്ടാണ് തങ്ങൾ സഹിക്കുന്നത് എന്ന് മക്കൾ അപ്പന്റെ മുഖത്തുനോക്കി പറയുന്നു. അപ്പന് പറയുവാൻ മറുപടി ഇല്ല.

പ്രഭാഷകന്റെ പുസ്തകം 41:7 വായിക്കുക: ദൈവഭയമില്ലാത്ത പിതാവിനെ മക്കൾ കുറ്റപ്പെടുത്തും; അവൻ നിമിത്തമാണ് അവർ നിന്ദ അനുഭവിക്കുന്നത്. പ്രഭാഷകൻ 41:10 പറയുന്നു: ദൈവഭയമി ല്ലാത്തവൻ ശാപത്തിൽനിന്ന് നാശത്തിലേക്ക് പോകുന്നു.

അനേകം കുടുംബങ്ങളുടെ അവസ്ഥ ഇതാണ്. അവിടങ്ങളിലെ മാതാപിതാക്കൾക്ക് ദൈവഭയമില്ല. അതിലും അധികം കുടുംബങ്ങളിലെ അപ്പന്മാർക്ക് ദൈവഭയമില്ല. ആ അപ്പന്മാർ പ്രാർത്ഥിക്കാറില്ല; പള്ളിയിൽ പോകുകയോ കൂദാശകൾ സ്വീ കരിക്കുകയോ ഇല്ല. കുടുംബപ്രാർത്ഥനയിലും പങ്കെടു ക്കില്ല. ഭാര്യയും മക്കളും കുടുംബപ്രാർത്ഥന നടത്തുമ്പോൾ അവരെ ശല്യപ്പെടുത്തുവാനും അവഹേളിക്കുവാനും വലിയ സ്വരത്തിൽ ടെലിവിഷൻ പരിപാടികൾ വയ്ക്കുന്ന അപ്പന്മാരും ഉണ്ട്. പള്ളിയിൽ പോകുന്നതിന്റെ പേരിൽ ഭാര്യയെയും മക്കളെയും ചീത്ത വിളിക്കുന്ന അപ്പ ന്മാരുമുണ്ട്.

ഇതിൽ പല അപ്പന്മാരും ദൈവഭയം ഇല്ലാത്തവരായത്, അവരുടെ അപ്പന്മാർ അവരെ അങ്ങനെ വളർത്തിയതുകൊണ്ടാണ്. മറ്റു ചില അപ്പന്മാർ അങ്ങനെയായത്, തെറ്റായ കൂട്ടുകെട്ടുകൾ മൂല മാണ്. വേറൊരു കൂട്ടർ ദുർമാതൃകകൾ കണ്ടിട്ടാണ് അങ്ങനെയായത്. വാശി, വൈരാഗ്യം, പക, പ്രതികാരചിന്ത എന്നിവ മൂലം ദൈവഭയം നഷ്ടപ്പെട്ടവരും ഉണ്ട്. ഏതെങ്കിലും ഒരു അപ്പനോ സിസ്റ്ററോ ചെയ്ത, അഥവാ ചെയ്തു എന്ന് ആരോപിക്കപ്പെടുന്ന ഒരു നീതികേടിന്റെ പേരിലും ദൈവസ്നേഹം നഷ്ടപ്പെട്ടവരുണ്ട്. സ്വാർത്ഥലക്ഷ്യങ്ങൾ നടക്കാതിരുന്നതിനാൽ ദൈവസ്നേഹം നഷ്ടപ്പെട്ടവരും വിരളമല്ല. ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളോടുള്ള സഹവാസം മൂലം ദൈവവിശ്വാ സവും ദൈവഭയവും നഷ്ടപ്പെട്ടവരും ഉണ്ട്. തങ്ങൾക്കുണ്ടായ ഏതെങ്കിലും ഒരു തകർച്ചയുടെ പേരിൽ ദൈവത്തെ പഴിപറഞ്ഞ് ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യരും ഉണ്ട്. ഞാൻ ഇത്ര നന്നായി ജീവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടും എന്തുകൊണ്ടാണ് ദൈവം എന്നോട് ഇങ്ങനെ കാണിച്ചത് എന്നത് അവരെ അലട്ടിയ ചോദ്യമാണ്. ആ അലട്ടലും ചോദ്യവും ദൈവ വിരോധത്തിലേക്കാണ് അവരെ കൊണ്ടുചെന്നെത്തിച്ചത്. കഷ്ടപ്പാടുകൾ ഉണ്ടായപ്പോൾ ദൈവത്തിൽനിന്ന് അകന്നുപോയവരും കഷ്ടപ്പാടുകൾ ഉണ്ടായപ്പോൾ ദൈവത്തിലേക്ക് അടുത്തവരും ഉണ്ട്.

ദൈവസ്നേഹവും ദൈവഭയവും ഇല്ലാത്തവർ പല പ്രത്യേകതകളും കാണിക്കും. ദുർമാതൃക, മക്കൾക്ക് ദൈവത്തെ പറഞ്ഞുകൊടുക്കുവാൻ കഴിയാത്ത പ്രശ്നം, ദൈവസ്നേഹത്തി ൽനിന്ന് മക്കൾ അകന്നുപോകുവാനുള്ള പ്രേരണകൾ, ദൈവഭയമില്ലാത്തതുകൊണ്ട് കാട്ടിക്കൂട്ടുന്ന തെറ്റുകൾ, കുടുംബനാഥനെന്നുള്ള ഉത്തരവാദിത്വം നിറവേറ്റാത്ത അവസ്ഥ, മദ്യപാനം, കുടുംബത്തിലുണ്ടാക്കുന്ന കലഹങ്ങൾ, അടിപിടികൾ... ഇങ്ങനെ പലതും. സ്വാഭാവികമായും ഇത്തരം അപ്പന്മാരെ മ ക്കൾക്ക് അംഗീകരിക്കുവാനും ആദരിക്കുവാനും സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ശുശ്രൂഷിക്കുവാനും സഹായിക്കുവാനും മക്കൾക്ക് വിഷമം തോന്നും. അതിനെ പറ്റിയായിരിക്കും പിന്നീട് അപ്പന്മാരുടെ വേദനയും ദുഃഖവും പരാതി–പരിഭവങ്ങളും വഴക്കും.

ദൈവഭയമുള്ള മാതാപിതാക്കളെയാണ് മക്കൾക്ക് വേണ്ടത്. അപ്പന്റെ ദൈവഭയം അതിൽ ഏറ്റവും പ്രധാനവും.